# ദേശീയനഗര ഉപജീവന ദൗത്യം

**രേഖ. ആർ**
**സിറ്റി മിഷൻ മാനേജർ**

## കൊല്ലം കോർപ്പറേഷൻ 23/10/2019 മുതൽ ഇതു വരെ

- **സാമൂഹ്യ സംഘാടനവും സ്ഥാപന വികസനവും**
  - ✓ ദേശീയനഗര ഉപജീവന ദൗത്യത്തിന്റെ ഭാഗമായി കൊല്ലം കോർപ്പറേഷനിൽ 51 അയൽക്കൂട്ടങ്ങൾ രൂപീകരിച്ചു.
  - ✓ വയോജന അയൽക്കൂട്ടങ്ങൾ 18 എണ്ണം രൂപീകരിച്ചു.
  - ✓ സ്പെഷ്യൽ അയൽക്കൂട്ടങ്ങൾ 6 എണ്ണം രൂപീകരിച്ചു.
  - ✓ 17 അയൽക്കൂട്ടങ്ങളെ പുനരുജ്ജീവിപ്പിച്ചു.
  - ✓ 104 അയൽക്കൂട്ടങ്ങൾക്ക് 10000 രൂപ നിരക്കിൽ 10,40,000 രൂപ റിവോൾവിംഗ് ഫണ്ട് ഇനത്തിൽ വിതരണം ചെയ്തു.
  - ✓ 31 പുതിയ അയൽക്കൂട്ടങ്ങളെ ലിങ്കേജ് വായ്പ പദ്ധതിയിൽ ഉൾപ്പെടുത്തി.
  - ✓ 257 അയൽക്കൂട്ടങ്ങളുടെ ഗ്രേഡിംഗ് പൂർത്തീകരിച്ചു.

- **നഗരങ്ങളിലെ ഭവനരഹിതർക്കുള്ള പാർപ്പിട പദ്ധതി**
  - ✓ നഗരങ്ങളിലെ ഭവനരഹിതർക്കുള്ള പാർപ്പിട പദ്ധതിയുടെ ഭാഗമായി കരിക്കോട് സ്ഥിതി ചെയ്യുന്ന ''തറവാട്'' വയോജന മന്ദിരത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് 371.76 ലക്ഷം രൂപയുടെ പദ്ധതി പൂർത്തീകരിച്ചു ഉദ്ഘാടന കർമ്മം കഴിഞ്ഞു.
  - ✓ തറവാട് വയോജന മന്ദിരത്തിന്റെ ബൈലാ തയ്യാറാക്കി.
  - ✓ കരിക്കോട് സ്ഥിതി ചെയ്യുന്ന മഹിള മന്ദിരത്തിലെ 25 അന്തേവാസികൾക്കു പേപ്പർ ബാഗ് നിർമ്മാണവുമായി ബന്ധപ്പെട്ട് പരിശീലനം നല്കി അവർക്കു ഉപജീവനത്തിനുള്ള വഴി ഒരുക്കുകയും ചെയ്തു.

## കണ്ണൂർ കോർപ്പറേഷൻ - 05/09/2018 മുതൽ 21/10/2019 വരെ

- **സാമൂഹ്യ സംഘാടനവും സ്ഥാപന വികസനവും**
  - ✓ ദേശീയനഗര ഉപജീവന ദൗത്യത്തിന്റെ ഭാഗമായി കണ്ണൂർ കോർപ്പറേഷനിൽ 58 അയൽക്കൂട്ടങ്ങൾ രൂപീകരിച്ചു.
  - ✓ വയോജന അയൽക്കൂട്ടങ്ങൾ 10 എണ്ണം രൂപീകരിച്ചു.
  - ✓ സ്പെഷ്യൽ അയൽക്കൂട്ടങ്ങൾ 4 എണ്ണം രൂപീകരിച്ചു.
  - ✓ 7 അയൽക്കൂട്ടങ്ങളെ പുനരുജ്ജീവിപ്പിച്ചു.
  - ✓ 116 അയൽക്കൂട്ടങ്ങൾക്ക് 10000 രൂപ നിരക്കിൽ 1,16,00,000 രൂപ റിവോൾവിംഗ് ഫണ്ട് ഇനത്തിൽ വിതരണം ചെയ്തു.
  - ✓ 191 അയൽക്കൂട്ടങ്ങൾക്ക് ലിങ്കേജ് ലോൺ സബ്സിഡി ഇനത്തിൽ 14,72,334.96 രൂപ വിതരണം ചെയ്തു.
  - ✓ 19 സംരംഭങ്ങൾക്ക് സബ്സിഡി ഇനത്തിൽ 1,00,530 രൂപ വിതരണം ചെയ്തു.
  - ✓ 68 പുതിയ അയൽക്കൂട്ടങ്ങളെ ലിങ്കേജ് വായ്പ പദ്ധതിയിൽ ഉൾപ്പെടുത്തി.
  - ✓ 218 അയൽക്കൂട്ടങ്ങളുടെ ഗ്രേഡിംഗ് പൂർത്തീകരിച്ചു.

- **നഗരത്തിലെ തെരുവു കച്ചവടക്കാർക്കുള്ള സഹായ പദ്ധതി**
  - ✓ നഗരത്തിലെ തെരുവു കച്ചവടക്കാർക്കുള്ള സഹായ പദ്ധതിയുടെ ഭാഗമായി സർവ്വെയിലൂടെ കണ്ടെത്തിയ തെരുവ് കച്ചവടക്കാരിൽ 306 പേർക്കു തിരിച്ചറിയൽ കാർഡ് വിതരണം ചെയ്തു.
  - ✓ വഴിയോര കച്ചവടം ചെയ്യുന്ന 9 സ്ത്രീകളെ കുടുംബശ്രീ അയൽ ക്കൂട്ടത്തിന്റെ ഭാഗമാക്കി.

- **നഗരങ്ങളിലെ ഭവനരഹിതർക്കുള്ള പാർപ്പിട പദ്ധതി**
  - ✓ നഗരങ്ങളിലെ ഭവനരഹിതർക്കുള്ള പാർപ്പിട പദ്ധതിയുടെ ഭാഗമായി എടക്കാട് തോട്ടടയിലുള്ള അഭയനികേതന്റെ അടുക്കളയുടെയും ഭക്ഷണമുറിയുടെയും നവീകരണവുമായി ബന്ധപ്പെട്ട് 50,00,000 രൂപയുടെ പദ്ധതി അതിന്റെ പൂർത്തീകരണത്തിന്റെ അവസാന ഘട്ടത്തിൽ.

- നഗരശ്രീ ഉൽസവത്തിന്റെ ഭാഗമായി കണ്ണൂർ മുനിസിപ്പൽ ഗവ. ഹയർ സെക്കന്ററി സ്കൂളിൽ വച്ച് തൊഴിൽ മേള സംഘടിപ്പിച്ചു. 1682 ഉദ്ധ്യോഗാർഥികൾ പങ്കെടുക്കുകയും അതിൽ 228 പേർക്കു തൊഴിൽ ലഭിക്കുകയും ചെയ്തു.
- പ്രധാനമന്ത്രി ഉജ്വൽ യോജനയുടെ ഭാഗമായി 110 പേർക്കു ഗ്യാസ് കണക്ഷൻ നല്കുകയും ചെയ്തു.

- മിഷൻ 80 ഡേയ്സിന്റെ ഭാഗമായി മനോരമ ബുക്ക് ഫെയറുമായി ബന്ധപ്പെട്ട് ഫുഡ് ഫെസ്റ്റ് സംഘടിപ്പിച്ചു.
- കണ്ണൂർ കളക്ട്രേറ്റിൽ പ്രകൃതി സൗഹാർദ്ദ വസ്തുക്കൾ, ബഡ്സ് സ്കൂളിലെ കുട്ടികൾ നിർമ്മിച്ച പേപ്പർ പേനകൾ, കരകൗശല വസ്തുക്കൾ എന്നിവ ഉൾപ്പെടുത്തി ഒരു നാനോ മാർക്കറ്റ് സ്ഥാപിക്കാൻ കഴിഞ്ഞു.
- കുടുംബശ്രീ യൂണിവേഴ്സിറ്റി ക്യാന്റീൻ, പ്രതീക്ഷ കുടുംബശ്രീ ഹോട്ടൽ എന്നിവിടങ്ങളിൽ കുടുംബശ്രീ ഉല്പ്പന്നങ്ങളുടെ വില്പ്പന ലക്ഷ്യമാക്കി ഷെൽഫ് സ്പെയ്സ് കണ്ടെത്താൻ കഴിഞ്ഞു.
- ജില്ലാ തല ഓണചന്ത കോർപ്പറേഷൻ ഗ്രൗണ്ടിൽ സംഘടിപ്പിച്ചു.
- കോർപ്പറേഷൻ പരിസരത്തും സോണൽ ഓഫീസ് പരിസരത്തും വച്ച് ഓഫീസ് മേളകളും ട്രേഡ് ഫെയറുകളും സംഘടിപ്പിച്ചു.
- കോർപ്പറേഷൻ പരിസരത്ത് വച്ചു മാസചന്തകളും സംഘടിപ്പിച്ചു.
- ആമസോൺ സഹേലിയുമായി ബന്ധപ്പെട്ട് 10 പ്രോഡക്ടുകൾ സ്റ്റേറ്റ്മിഷനിൽ സമർപ്പിച്ചിട്ടുണ്ട്.
- 100 ദിന പരിപാടിയോടനുബന്ധിച്ച് ആയുഷമാൻ ഭാരത് കാർഡ് ഉള്ള 568 പേരെ എം ഐ എസ്സിൽ ഉൾപ്പെടുത്താൻ കഴിഞ്ഞു
- കൂടാതെ പോഷൻ അഭിയാനുമായി ബന്ധപ്പെട്ട് 5 ഉപഭോക്താക്കളെ എം ഐ എസ്സിൽ ഉൾപ്പെടുത്താൻ കഴിഞ്ഞു
- 100 ദിന പരിപാടിയോടനുബന്ധിച്ച് മെഡിക്കൽ ക്യാമ്പ് സംഘടിപ്പിക്കുകയും 71 പേർ ഇതിൽ പങ്കെടുക്കുകയും ചെയ്തു